കേരളസർക്കാർ

നം.38476/ആർ.എ1/2012/തസ്വഭവ.

തദ്ദേശസ്വയംഭരണ (ആർ.എ)വകുപ്പ്.
തിരുവനന്തപുരം, തീയതി, 11.10.2012.

# സർക്കുലർ

വിഷയം :- തദ്ദേശസ്വയംഭരണവകുപ്പ് - നിലംനികത്ത് ഭൂമിയിലെ വാസഗൃഹങ്ങൾക്ക് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1) സ.ഉ(എം.എസ്)നം.149/2012/തസ്വഭവ തീയതി 04.06.2012.
2) സ.ഉ(എം.എസ്)നം.211/2012/തസ്വഭവ തീയതി 04.08.2012.

കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 100 ച.മീ. വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത് രാജ് നിയമം 235(എഎ), 235(ഡബ്ല്യു), കേരള മുൻസിപ്പാലിറ്റി ആക്ട് 242, 406 എന്നീ വകുപ്പുകളിൽ അനുശാസിച്ചിട്ടുള്ള നടപടികൾക്ക് വിധേയമായി "താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്" നൽകുവാൻ അതാത് പഞ്ചായത്ത്/മുൻസിപ്പൽ/കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകികൊണ്ട് പരാമർശപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് നഞ്ച, വയൽ, നിലം എന്നീ തരം ഭൂമികളിൽ നിർമ്മിച്ച 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകാമോ എന്നതു സംബന്ധിച്ച കാര്യത്തിൽ സ്പഷ്ടീകരണം ഗ്രാമപഞ്ചായത്തു സെക്രട്ടറിമാർ ആരായുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചനയിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും 'നഞ്ച' നിലം, വയൽ എന്നീ തരം ഭൂമികളിൽ നിലവിൽ $100m^2$ വരെ വിസ്തീർണ്ണം ഉള്ള വാസഗൃഹങ്ങളിൽ താമസിക്കുന്നവർക്കും നൽകാവുന്നതാണ്.

ടി.ജെ. മാത്യു
സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
(ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്.)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
(ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്.)

സെക്രട്ടറി, കോർപ്പറേഷൻ
(തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശൂർ, കൊച്ചി)

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

റീജിയണൽ ജോയിന്റ് ഡയറക്ടർ
(കൊല്ലം, കൊച്ചി, കോഴിക്കോട്)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പിന്റേയും മറ്റു സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

പബ്ളിക് റിലേഷൻസ് ഡയറക്ടർ,
(പത്ര മാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുവാൻ.)

| | |
|---|---|
| കൃഷി വകുപ്പ്,<br>റവന്യൂ വകുപ്പ്.<br>ഊർജ്ജ വകുപ്പ്<br>ഭക്ഷ്യ പൊതുവിതരണ വകുപ്പ്<br>ജലവിഭവ വകുപ്പ്. | ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകേണ്ടതാണ്. |

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ (ആർ.ബി) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ